"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - വടകര, പേരോട് എം.ഐ.എം ഹയർസെക്കൻഡറി സ്കൂളിലെ ഫുൾടൈം മീനിയൽ ശ്രീ.അഷറഫ് വി.പി.യുടെ നിയമനാംഗീകാരം - സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്

സ.ഉ.(സാധാ) നം.178/2026/GEDN തീയതി,തിരുവനന്തപുരം, 06-01-2026

---

പരാമർശം:- 1. മാനേജരുടെ 15.10.2025 തീയതിയിലെ റിവിഷൻ ഹർജി

2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 27/11/2025 തീയതിയിലെ ഡിജിഇ/23360/2025-ഇഎം6 നമ്പർ റിപ്പോർട്ട്

**ഉത്തരവ്**

വടകര, പേരോട് എം.ഐ.എം ഹയർസെക്കൻഡറി സ്കൂളിലെ ഫുൾടൈം മീനിയൽ ശ്രീ.അഷറഫ് വി.പി.യുടെ 26/08/2021 മുതലുള്ള നിയമനാംഗീകാരം സംബന്ധിച്ച് പ്രസ്തുത സ്കൂൾ മാനേജർ റിവിഷൻ ഹർജി സമർപ്പിച്ചിരുന്നു.

2. സർക്കാർ ഈ വിഷയത്തിൽ ബന്ധപ്പെട്ടവരെ 27.11.2025ന് നേരിൽ കേട്ടു.

3. മാനേജരുടെ വാദങ്ങൾ ഇപ്രകാരമാണ്.

വടകര വിദ്യാഭ്യാസ ജില്ലയിൽപെട്ട പേരോട് എം.ഐ.എം ഹയർസെക്കന്ററി വിദ്യാലയത്തിലെ ഫുൾടൈം മീനിയൽ ശ്രീ.സമീർ കെ.എം. 01/06/2018 മുതൽ 31/05/2023 വരെ ശമ്പളമില്ലാത്ത അവധിയിൽ പ്രവേശിച്ച ഒഴിവിൽ പകരം ശ്രീ.ജാഫർ കെ.കെ.സി നിയമിക്കപ്പെടുകയും, നിയമനത്തിന് അംഗീകാരം ലഭ്യമാവുകയും ചെയ്തു. പ്രസ്തുത അവധി

ഒഴിവിൽ ശ്രീ.ജാഫർ തുടരവേ, മീനിയൽ കാറ്റഗറിയിൽ 01/05/21 മുതൽ റഗുലർ ഒഴിവ് നിലവിൽ വരികയും (മീനിയൽ ശ്രീമതി നൗഷിദ ബംഗ്ലത്തിനെ ആഫീസ് അറ്റൻഡന്റ് ആയി ഉദ്യോഗക്കയറ്റം നൽകി) അവധി ഒഴിവിൽ തുടരുകയായിരുന്ന ശ്രീ.ജാഫർ കെ.കെ.സി.യെ 24/06/2021 മുതൽ മാറ്റി നിയമിക്കുകയും ചെയ്തു. ശ്രീ.സമീർ കെ.എം.ന്റെ പകരം വന്ന അവധി ഒഴിവിലെ ശേഷിക്കുന്ന ഭാഗത്താണ് ശ്രീ.അഷറഫ് വി.പി.യെ 26/08/2021 മുതൽ 31/05/2023 വരെ നിയമിച്ചത്. ശ്രീ.ജാഫറിന്റെ റഗുലർ ഒഴിവിലെ മീനിയൽ നിയമനത്തിന് അംഗീകാരം ലഭ്യമായിട്ടില്ലാത്തതിനാൽ, ഒഴിവ് വ്യവസ്ഥാപിതമായിട്ടില്ല എന്ന കാരണത്താൽ വടകര ജില്ലാ വിദ്യാഭ്യാസ ആഫീസർ അംഗീകാരം നിരസിക്കുകയുണ്ടായി. ഇതിനെതിരെ കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അപ്പീൽ നൽകിയെങ്കിലും, ശ്രീ.ജാഫർ കെ.കെ.സി.യുടെ 24/06/2021 മുതൽക്കുള്ള റഗുലർ നിയമനത്തിന് അംഗീകാരമായിട്ടില്ലാത്തതിനാൽ അപ്പീൽ ഹർജിയും നിരസിച്ചു. അപ്പീൽ ഉത്തരവിനെതിരെ ഡയറക്ടർക്ക് ഫയൽ ചെയ്ത റിവിഷൻ ഹർജിയും താഴെ കാണിച്ചിരിക്കുന്ന കാരണങ്ങളാൽ നിരസിച്ചു.

i. പുതുതായി ആരംഭിക്കപ്പെട്ട വിദ്യാലയങ്ങളുടെ ഗണത്തിൽ വരുന്ന വിദ്യാലയമായതിനാൽ ഒരു സംരക്ഷിതാദ്ധ്യാപകനെ സ്ഥിരമായി നിയമിക്കേണ്ടതുണ്ട്. എന്നാൽ മാനേജർ ഈ നിബന്ധന പാലിച്ചിട്ടില്ല.

ii. ശ്രീ.അഷറഫിന്റെ നിയമനം ദീർഘകാല അവധി ഒഴിവിലാണ് നടത്തിയിട്ടുള്ളത്. പ്രസ്തുത ഒഴിവിൽ സംരക്ഷിത ജീവനക്കാരനെ നിയമിക്കേണ്ടതുണ്ട്.

iii. ശ്രീ.ജാഫറിന്റെ നിയമനം അംഗീകരിച്ചിട്ടില്ല.

ശ്രീ.ജാഫറിന്റെ 24/06/2021 മുതൽക്കുള്ള മീനിയൽ റഗുലർ നിയമനത്തിന് ഇതിനകം വടകര ജില്ലാ വിദ്യാഭ്യാസ ആഫീസർ അംഗീകാരം നൽകിയിട്ടുണ്ട്. (07/09/24 ഉത്തരവ് ബി3/761991/24) ആയതിനാൽ ഈ തടസ്സം അപ്രസക്തമാവുന്നു.പുതുതായി ആരംഭിക്കപ്പെട്ട വിദ്യാലയം എന്ന നിലക്ക് റഗുലർ ഒഴിവിൽ നേരത്തെ സംരക്ഷിതാദ്ധ്യാപകർക്ക് നിയമനം നൽകിയിട്ടുണ്ട്. ഇപ്പോൾ ഒരു എച്ച്.എസ്.ടി (ഗണിതശാസ്ത്രം) ഒഴിവ് ഈ ആവശ്യത്തിനായി മാറ്റി വെച്ചിട്ടുണ്ട്. വിദ്യാലയത്തിലെ ആഫീസ് അറ്റൻഡന്റ് ആയിരുന്ന ശ്രീ.ഇക്ബാൽ കുഞ്ഞിക്കണ്ടിയിൽ 02/08/2018 ന് സേവനത്തിൽ നിന്നും രാജി വെച്ച ഒഴിവിൽ 01/07/2021 മുതൽ

ശ്രീ.ജാഫർ കെ.കെ.സി യെ ഉദ്യോഗക്കയറ്റം നൽകി ആഫീസ് അറ്റൻഡന്റ് ആയി നിയമിച്ചിട്ടുണ്ട്. പ്രസ്തുത മീനിയൽ ഒഴിവിൽ ശ്രീ. നൗഷാദ് കെ.കെ എന്നയാളെ 26/07/2021 മുതൽ നിയമിച്ചിരുന്നു. എന്നാൽ ശ്രീ.നൗഷാദ് ബിരുദ യോഗ്യത നേടിയ ആളായതിനാൽ ജോലി ഒഴിവാക്കി പോയി. തദനുസരണം 26/07/2021 മുതൽ നിലവിലുണ്ടായിരുന്ന റഗലർ മീനിയൽ ഒഴിവിൽ ശ്രീ.സമീർ.കെ.എം.ന്റെ അവധി ഒഴിവിൽ നിയമിതനായ ശ്രീ.അഷറഫ് വി.പി.യെ 26/08/2021 മുതൽ ഉൾക്കൊള്ളിച്ച് കൊണ്ട് 15/12/2022 ലെ തന്റെ ഉത്തരവ് നമ്പർ 3/22 പ്രകാരം നടപടി ഉത്തരവ് തയ്യാറാക്കി ജില്ലാ വിദ്യാഭ്യാസ ആഫീസർക്ക് നൽകിയിട്ടുണ്ട്. നേരെത്തെ നൽകിയ നിയമന പ്രൊപ്പോസൽ പിൻവലിക്കുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ ശ്രീ.അഷറഫ് വി.പി. ഇപ്പോൾ നില നിൽക്കുന്നത് ശ്രീ.ജാഫർ കെ.കെ.സി.യെ, 01/07/2021 മുതൽ ആഫീസ് അറ്റൻഡന്റ് ആയി ഉദ്യോഗക്കയറ്റം നൽകിയ ഒഴിവിലാണ്. ആയതിനാൽ അവധി ഒഴിവിലാണ് നില നിൽക്കുന്നതെന്നും, പ്രസ്തുത ഒഴിവിൽ സംരക്ഷിതാദ്ധ്യാപക ജീവനക്കാരനെ നിയമിക്കണമെന്നുമുള്ള ഡയറക്ടറുടെ തടസ്സവും നില നിൽക്കാത്തതാണെന്ന് കാണാം. മേൽ വസ്തുതകൾ പരിഗണിച്ച്, ശ്രീ.അഷറഫ് വി.പി.യുടെ ഫുൾടൈം മീനിയൽ നിയമനത്തിന് 26/08/21 മുതൽ അംഗീകാരം നൽകാനുള്ള നിർദ്ദേശം, വടകര ജില്ലാ വിദ്യാഭ്യാസ ആഫീസർക്ക് നൽകണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്.

4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ വാദങ്ങൾ ഇപ്രകാരമാണ്

പേരോട് എം ഐ എം ഹയർസെക്കൻഡറി സ്കൂളിലെ എഫ്.ടി.എം ആയ ശ്രീമതി നൗഷിദ ബംഗ്ലത് 01/05/2021 മുതൽ സ്ഥാനക്കയറ്റം നൽകി നിയമിച്ചു. ഇത് മൂലമുണ്ടായ റെഗുലർ എഫ് ടി എം ഒഴിവിൽ, അവധി ഒഴിവിൽ തുടരുകയായിരുന്ന ശ്രീ ജാഫർ കെ കെ സി യെ 24/06/2021 മുതൽ മാറ്റി നിയമിച്ചു. അപ്പോഴുണ്ടായിട്ടുള്ള എഫ് ടി എം തസ്തികയിലെ ശ്രീ സമീർ ന്റെ അവധി ഒഴിവിലാണ് ശ്രീ അഷ്റഫ് വി പി യെ 26/08/2021 മുതൽ നിയമിച്ചിട്ടുള്ളത്. ടി നിയമനം ദീർഘകാല അവധി ഒഴിവിലെ നിയമനം ആയതിനാൽ സംരക്ഷിത ജീവനക്കാരെ കൊണ്ട് നികത്തിയിട്ടില്ലാത്തതിനാലും ശ്രീ ജാഫർ കെ കെ സി യുടെ നിയമനം അംഗീകരിച്ചിട്ടില്ലാത്തതിനാലും ഈ കാര്യാലയത്തിലെ EM3/241155/2023 തീയതി: 24/01/2025 ഉത്തരവ് പ്രകാരം നിരസിച്ചു. നിലവിൽ ടി സ്കൂളിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ ഇക്ബാൽ കെ കെ 02/08/2018 ന രാജി വെച്ച ഒഴിവിൽ ശ്രീ ജാഫർ കെ കെ സി യെ 01/07/2021 മുതൽ മാനേജർ സ്ഥാനക്കയറ്റം നൽകി ഓഫീസ് അറ്റൻഡന്റ് ആയി നിയമിച്ചതായും തുടർന്ന് ആദ്യം നൽകിയ നിയമനം റദ്ദ് ചെയ്ത് റഗുലർ ഒഴിവിലേക്ക് 26/8/21 മുതൽ ശ്രീ അഷറഫിനെ

മാറ്റിയെന്നുമാണ് മാനേജരുടെ വാദം. രാജി ഒഴിവിലെ ശ്രീ ജാഫർ കെ കെ സി യുടെ 01/07/2021 മുതലുള്ള സ്ഥാനക്കയറ്റ നിയമനം നിലവിൽ അംഗീകരിച്ചിട്ടില്ല. കൂടാതെ നിയമന തിയതിയിൽ ചട്ടം 7(3) പാലിച്ചിട്ടില്ല. (07/07/2025 മുതൽ പാലിച്ചിട്ടുണ്ട്) എന്നിരുന്നാലും ലഭ്യമായ റഗുലർ ഒഴിവ് അന്നുതന്നെ ചട്ടം 7(3) പാലിക്കാൻ നൽകിയില്ല എന്നത് വീഴ്ചയാണ്. കൂടാതെ നാളിതുവരെ നോൺ ടീച്ചിംഗ് വിഭാഗത്തിൽ ഭിന്നശേഷി സംവരണം പാലിച്ചിട്ടുമില്ല. സംരക്ഷിത ജീവനക്കാരെ നിയമിക്കണമെന്ന വ്യവസ്ഥ മാനേജർ പാലിച്ചത് (ഒഴിവു വിട്ടുനൽകിയത്) 07/07/2025 മാത്രമായതിനാൽ ആയത് പരിഗണിച്ചുകൊണ്ടും ഭിന്നശേഷി സംവരണം നാളിതുവരെ പാലിക്കാത്ത സാഹചര്യത്തിലും അഷറഫ് വി പി ക്ക് 07/07/2025 മുതൽ മാത്രമേ ദിവസവേതനാടിസ്ഥാനത്തിൽ നിയമനത്തിന് അർഹതയുള്ളു എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. സർക്കാർ ഈ വിഷയം ഹിയറിങ് വേളയിലെ വാദഗതികളുടെയും സമർപ്പിക്കപ്പെട്ട രേഖകളുടെയും വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകളുടെയും നിലവിലുള്ള നിയമങ്ങളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു.നിലവിൽ ടി സ്കൂളിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ.ഇക്ബാൽ കെ.കെ. 02/08/2018നു രാജി വെച്ച ഒഴിവിൽ ശ്രീ.ജാഫർ കെ.കെ.സി.യെ 01/07/2021 മുതൽ മാനേജർ സ്ഥാനക്കയറ്റം നൽകി ഓഫീസ് അറ്റൻഡന്റ് ആയി നിയമിച്ചതായും തുടർന്ന് ആദ്യം നൽകിയ നിയമനം റദ്ദ് ചെയ്ത് റഗുലർ ഒഴിവിലേക്ക് 26/08/2021 മുതൽ ശ്രീ അഷറഫിനെ മാറ്റിയെന്നുമാണ് മാനേജരുടെ വാദം. രാജി ഒഴിവിലെ ശ്രീ ജാഫർ കെ.കെ.സി.യുടെ 01/07/2021 മുതലുള്ള സ്ഥാനക്കയറ്റ നിയമനം നിലവിൽ അംഗീകരിച്ചിട്ടില്ല. കൂടാതെ നിയമന തിയതിയിൽ ചട്ടം 7(3) പാലിച്ചിട്ടില്ല. (07/07/2025 മുതൽ പാലിച്ചിട്ടുണ്ട്) എന്നിരുന്നാലും ലഭ്യമായ റഗുലർ ഒഴിവ് അന്നുതന്നെ ചട്ടം 7(3) പാലിക്കാൻ നൽകിയില്ല എന്നത് വീഴ്ചയാണ്. കൂടാതെ നാളിതുവരെ നോൺ ടീച്ചിംഗ് വിഭാഗത്തിൽ ഭിന്നശേഷി സംവരണം പാലിച്ചിട്ടുമില്ല. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ സംരക്ഷിത ജീവനക്കാരെ നിയമിക്കണമെന്ന വ്യവസ്ഥ മാനേജർ പാലിച്ചത് (ഒഴിവു വിട്ടുനൽകിയത്) 07/07/2025ന് മാത്രമായതിനാൽ ആയത് പരിഗണിച്ചുകൊണ്ടും ഭിന്നശേഷി സംവരണം നാളിതുവരെ പാലിക്കാത്ത സാഹചര്യത്തിലും ശ്രീ.അഷറഫ് വി.പി.ക്ക് 07/07/2025 മുതൽ ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട ഉത്തരവുകൾക്ക് വിധേയമായി ദിവസവേതനാടിസ്ഥാനത്തിൽ നിയമനാംഗീകാരം നൽകാനുള്ള നിർദ്ദേശം വടകര ജില്ലാ

വിദ്യാഭ്യാസ ആഫീസർക്ക് നൽകി അപ്രകാരം മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SUNITHA S GEORGE

അണ്ടർ സെക്രട്ടറി

മാനേജർ, എം.ഐ.എം. ഹയർ സെക്കൻഡറി സ്കൂൾ, പേരോട് പി.ഒ., പേരോട്

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, വടകര

ശ്രീ. അഷറഫ് വി.പി., ഫുൾടൈം മീനിയൽ, എം.ഐ.എം. ഹയർ സെക്കൻഡറി സ്കൂൾ, പേരോട് പി.ഒ., പേരോട്

വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Resmi Babu
Date: 07-01-2026 10:58:47

സെക്ഷൻ ഓഫീസർ

പകർപ്പ്:

ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.ന്.

പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ സി.എ.യ്ക്ക്.